# മുത്തുപ്പേട്ട ദാവൂദുൽ ഹക്കീം ദർഗ്ഗ

**അമീർ ഒതുക്കുങ്ങൽ**

**ഇ**സ്‌ലാം കഠിനമായി വിലക്കിയ ശിർക്കിന്റെ സർവ്വ രൂപങ്ങളും ഭാവങ്ങളും കടന്നു വരുന്ന മേഖലയാണ് കെട്ടിപ്പൊക്കിയ ദർഗ്ഗകളും അതിനെ ചുറ്റിപ്പറ്റി നടക്കുന്ന ഖബ്ർ പൂജയുടെ വിവിധ രൂപങ്ങളും. ദർഗ്ഗയെ ചുറ്റിപ്പറ്റി അതിന്റെ അന്തേവാസികളും പിണിയാളുകളും നടത്തുന്ന തട്ടിപ്പു കളും വെട്ടിപ്പുകളും പറഞ്ഞാലൊടുങ്ങില്ല. ഇസ്‌ലാം വിലക്കിയ പല കാര്യങ്ങളും, അതു മദ്യപാന മായാലും മയക്കുമരുന്നായാലും മദിരാക്ഷിയായാലും ദർഗ്ഗാപരിസരത്ത് സുലഭമാണ്. അതുകൊണ്ടു തന്നെ അന്ധവിശ്വാസങ്ങൾക്ക് മുന്നിൽ ജീവിതം ഹോമിച്ച സാധുക്കൾ മാത്രമല്ല പുറമെ തെമ്മാടികളും താന്തോന്നികളും ഗുണ്ടാ സംഘങ്ങളും അധോലോക റാക്കറ്റുകളും ഏതൊരു ദർഗ്ഗയുടെയും പരിസരങ്ങളിൽ തമ്പടിച്ചതായി അന്വേഷണത്തിൽ മനസ്സിലാക്കാം. ഈ തെമ്മാടിക്കൂട്ടങ്ങൾക്ക് ദർഗ്ഗാ പരിപാലകരുമായി അഭേദ്യമായ ബന്ധമുണ്ടെന്നതാണ് വസ്തുത. നാട്ടിൽ ക്രിമിനൽ കുറ്റങ്ങൾ ചെയ്ത് നിയമപാലകരുടെ കണ്ണുവെട്ടിച്ച് മുങ്ങുന്ന പല സാമൂഹ്യ ദ്രോഹികളും പിന്നീട് പൊങ്ങാറുള്ളത് ഏതെങ്കിലും ദർഗ്ഗയുടെ പരിസരത്താണ്. കെട്ടിപ്പൊക്കിയ ജാറങ്ങളുടെ നിഴലിൽ അജ്ഞാത വാസം നടത്തുന്ന ഇത്തരം ക്രിമിനലുകളെ പല ദർഗ്ഗാ പരിസര ത്തുനിന്നും പലപ്പോഴായി നിയമ പാലകർ പിടികൂടിയിട്ടുള്ളത് വാർത്താ മാധ്യമങ്ങളിലൂടെ നാം വായിച്ചറിഞ്ഞിട്ടു ്. എന്തിനും ഏതിനും വളക്കൂറുള്ള മണ്ണാണ് ദർഗ്ഗാ പരിസരമെന്നത് ഏറ്റവും കൂടുതൽ തിരിച്ചറിഞ്ഞത് മേൽ പറഞ്ഞ ക്രിമിനലുകളും പുറമെ പാവപ്പെട്ട വിശ്വാസിയുടെ ഈമാനും സമ്പത്തും ചൂഷണം ചെയ്ത് ജീവിക്കുന്ന പുരോഹിതപ്പരിഷകളുമാണെന്നത് പരസ്യ മായ രഹസ്യമാണ്.

പലപല മതസ്ഥരും ജാതികളും ഒരുമിച്ച് സമ്മേളിക്കുകയും ഒരുമിച്ച് ആരാധനകൾ അർപ്പിക്കു കയും ചെയ്യുന്ന സ്ഥലം കൂടിയാണ് മുസ്‌ലിംകൾ പരിപാലിക്കുന്ന ഇത്തരം ദർഗ്ഗകൾ. ഇന്ത്യയിലെ ഭൂരിപക്ഷ മതസ്ഥരമായ ഹൈന്ദവർക്കുകൂടി ഉൾക്കൊള്ളാനാകുന്നതും സ്വീകര്യമായതുമായ സ്ഥലം കൂടിയാണ് ദർഗ്ഗകൾ. ഓരോ ദർഗ്ഗയുടെയും പിന്നിലുള്ള ഐതിഹ്യങ്ങളും ഊഹാപോഹ ങ്ങളും ഹൈന്ദവ വിശ്വാസങ്ങൾക്ക് സമാനമായതാണ് എന്നതാണ് വസ്തുത. ഹൈന്ദവ വിശ്വാസ ങ്ങളോട് കിടപിടിക്കുന്നതോ ചിലപ്പോഴെങ്കിലും അതിനെ കടത്തിവെട്ടുന്നതോ ആണ് മിക്ക ദർഗ്ഗക ളുടെയും ഐതിഹ്യങ്ങൾ. മാത്രമല്ല മിക്ക ദർഗ്ഗകളുടേയും രൂപഭാവങ്ങൾ പോലും ഹൈന്ദവ ക്ഷേത്ര സംസ്കാരങ്ങളിൽ നിന്നും കടമെടുത്തതാണ്. കൂടാതെ ദർഗ്ഗകളിൽ നടക്കുന്ന ആചാരങ്ങ ളിൽ പോലും ഹൈന്ദവാചാരങ്ങളുടെ സ്വാധീനം കാണാം. ചിലപ്പോഴെങ്കിലും ഹൈന്ദവാചാര ങ്ങളെ കടത്തിവെട്ടുന്നതാണ് ദർഗ്ഗകളിലെ ആചാരങ്ങൾ. ഹൈന്ദവ ക്ഷേത്രങ്ങളിൽ വിഗ്രഹ ങ്ങൾക്ക് സമർപ്പിക്കുന്ന പൂമാലകളും മറ്റും അവസാനം ചപ്പു ചവറുകളുടെ കൂട്ടത്തിൽ ഉപേക്ഷി ക്കുകയാണ് പതിവ്. പക്ഷെ ദർഗ്ഗകളിൽ അർപ്പിക്കുന്ന പൂവുകളും എണ്ണയും മറ്റു നിവേദ്യങ്ങളും ഭക്തർ കൊണ്ടുപോയി പുണ്യത്തിനു വേണ്ടി ഉപയോഗിക്കുന്നത് കാണാം. ദർഗ്ഗകളിൽ നിന്നും ബർക്കത്തിന് എന്ന പേരിൽ എടുക്കുന്ന പൂവിതളുകൾ വർഷങ്ങളോളം ഉണങ്ങിക്കരിഞ്ഞ അവ സ്ഥയിലും ഖുറാഫികൾ ഉപയോഗിക്കാറുണ്ട്. ഇവിടങ്ങളിൽ അലങ്കരിക്കുന്ന ഏത് വസ്തുവി നെയും ഇത്തരം അന്ധവിശ്വാസികൾ ഭക്തിയോട് കൂടിയാണ് കാണാറുള്ളത്. ചിലപ്പോഴെങ്കിലും ഹിന്ദു സഹോദരങ്ങൾ പോലും ക്ഷേത്രങ്ങളിൽ കാണിക്കാത്ത ഭക്തിയാണ് ദർഗ്ഗകളിൽ വന്ന് കാണിക്കാറുള്ളത്. ദർഗ്ഗകളിലും പരിസരത്തുമായി നടമാടുന്ന ഹൈന്ദവ ചുവയുള്ള ആചാര ങ്ങളും ക്ഷേത്ര മാതൃകയിൽ പണി കഴിപ്പിച്ച പല ദർഗ്ഗകളും ഹൈന്ദവ വിശ്വാസികളെ അത്ര കണ്ട്

സ്വാധീനിച്ചിരിക്കുന്നു എന്ന് വ്യക്തം. ഇത്തരത്തിൽ പെട്ട ഒരു ദർഗ്ഗയാണ് തമിഴ് നാട്ടിലെ തഞ്ചാവൂർ ജില്ലയിലെ ഒരു ഗ്രാമ പ്രദേശമായ മുത്തുപ്പേട്ടയിൽ സ്ഥിതി ചെയ്യുന്ന ദാവൂദുൽ ഹക്കീമിന്റെ ദർഗ്ഗ.

ആരാണീ ദാവൂദുൽ ഹക്കീം? അങ്ങിനെ ഒരാളുണ്ടോ? എങ്ങിനെയാണ് ദാവൂദുൽ ഹക്കീം എന്ന വ്യക്തിയുടെ പേരിൽ മുത്തുപ്പേട്ടയിൽ ഒരു ദർഗ്ഗ കെട്ടിപ്പൊക്കപ്പെട്ടത്? എന്താണ് അതിനു പിന്നിലെ ഐതിഹ്യം? ഇതേക്കുറിച്ചുള്ള അന്വേഷണം നിരവധി ഊഹാപോഹങ്ങളിലും സ്വപ്നത്തിലധിഷ്ടിതമായ കെട്ടുകഥകളിലുമാണ് നമ്മെ കൊണ്ടെത്തിക്കുക. മുത്തുപ്പേട്ടയിലെ ഒരു സാധാരണ കൃഷിക്കാരൻ കണ്ടു എന്ന് പറയുന്ന ഒരു സ്വപ്നത്തിൻമേലാണ് മുത്തുപ്പേട്ട ദാവൂദുൽ ഹക്കീമിന്റെ ദർഗ്ഗ ഉയർന്നത്. പ്രസ്തുത കൃഷിക്കാരൻ ഒരിക്കൽ തരിശായിക്കിടക്കുന്ന ഒരു സ്ഥലം കൃഷിക്കു വേണ്ടി ഉഴുതുകൊണ്ടിരിക്കുമ്പോൾ അയാളുടെ കലപ്പ ഒരു കല്ലിന്മേൽ തടഞ്ഞത്രെ. അതൊരു ഖബ്റിന്റെ ഭാഗമായിരുന്നത്രെ. അത് ഖബ്റാണെന്നറിയാത്ത കർഷകൻ അതിന്റെ കല്ല് ഒന്ന് അടർത്തി നോക്കി പോലും. പെട്ടെന്ന് അവിടെ നിന്ന് രക്തം പൊടിയുകയും അതു കണ്ട് പ്രസ്തുത കൃഷിക്കാരന്റെ കാഴ്ച ശക്തി നഷ്ടപ്പെട്ടതായും മൊയ്തീൻഷാ എന്ന വ്യക്തി എഴുതിയ മുത്തുപ്പേട്ട ചരിത്രത്തിൽ കാണുന്നു. ഈ ഖബ്റിന്റെ കല്ല് എടുത്തു മാറ്റിയതുകൊണ്ടാണ് തന്റെ കാഴ്ച ശക്തി നഷ്ടപ്പെട്ടതെന്ന് മനസ്സിലാക്കിയ കൃഷിക്കാരൻ തപ്പിത്തടഞ്ഞ് ആ കല്ല് പൂർവ്വ സ്ഥാനത്ത് വെച്ച് ഖേദിക്കുകയും ചെയ്തത്രെ! അതോടെ അയാൾക്ക് കാഴ്ച ശക്തി തിരിച്ചു കിട്ടിയതായും പ്രസ്തുത പുസ്തകം പറയുന്നു. എന്നാൽ ഇർഷാദ് ബുക്ക് സ്റ്റാൾ പുറത്തിറക്കിയ കെ.എം. മുഹമ്മദ് കുഞ്ഞി ഫൈസി രചിച്ച ദക്ഷിണേന്ത്യൻ സിയാറത്ത് ഡയറിയിൽ ഈ കഥ വിവരിക്കുന്നത് മറ്റൊരു രൂപത്തിലാണ്. കഥാപാത്രം പ്രസ്തുത കൃഷിക്കാരൻ തന്നെ. പക്ഷെ കൃഷിക്കാരന്റെ അനുഭവങ്ങൾ വ്യത്യസ്തമാണ്. രക്തം കണ്ട കൃഷിക്കാരൻ ബോധം കെട്ട് വീണതായാണ് ദക്ഷിണേന്ത്യൻ സിയാറത്ത് ഡയറിയിൽ കാണുന്നത്. ആദ്യം ഉദ്ധരിച്ച ചരിത്രകാരൻ കൃഷിക്കാരന്റെ കാഴ്ച നഷ്ടപ്പെട്ടതായി പറയുമ്പോൾ കാഴ്ച നഷ്ടപ്പെട്ട വിവരം ഫൈസി അറിയുന്നില്ല. ഏതായാലും പ്രസ്തുത വാർത്ത നാടാകെ അറിയുകയും ഓടിക്കൂടിയ നാട്ടുകാർ രക്തം ഒലിക്കുന്ന രീതിയിൽ അവിടെ ഒരു മയ്യിത്ത് കാണുകയും ആ മയ്യിത്ത് സംരക്ഷിക്കാൻ രണ്ടു പേരെ നിയോഗിക്കുകയും പിന്നീട് ഈ മയ്യിത്തിന്റെ വിവരങ്ങളെല്ലാം ഈ സംരക്ഷകർക്ക് സ്വപ്നം മുഖേന അറിയിക്കപ്പെട്ടതായും ദക്ഷേണേന്ത്യൻ സിയാറത്ത് ഡയറിയിൽ തട്ടിവിടുന്നുണ്ട്. എന്നാൽ ഈ മയ്യിത്തിനെക്കുറിച്ച് സ്വപ്നം കണ്ടത് മേൽ പറഞ്ഞ രണ്ടു പേരല്ലെന്നും മറിച്ച് കൃഷിക്കാരനാണെന്നും മൊയ്തീൻഷാ രചിച്ച കറാമത്ത് പുസ്തകത്തിൽ കാണുന്നു. മാത്രവുമല്ല, പ്രസ്തുത പുസ്തകത്തിൽ മയ്യിത്ത് കണ്ടതായ വിവരം പറയുന്നുമില്ല. അതു പോകട്ടെ വൈരുദ്ധ്യ കഥകളും കള്ളക്കറാമത്തുകളും ചാർത്തപ്പെട്ട ദർഗ്ഗകളാണല്ലോ ഇന്ത്യയിലുള്ളത് മുഴുവനും. ആ ഒരു പൊതു സ്വഭാവത്തിൽ നിന്ന് ദാവൂദുൽ ഹക്കീമിനെ മാത്രം മാറ്റി നിർത്തുന്നത് ശരിയല്ല. എന്തായാലും ബാക്കി കലാപരിപാടികളൊക്കെ സ്വപ്നത്തിലൂടെയാണ് നടക്കുന്നതെന്നതിൽ ഒരു ചരിത്രകാരനും അഭിപ്രായവ്യത്യാസമില്ല.

മൂസാ നബിയിൽ വിശ്വസിച്ച, തൗറാത്തിൽ അവഗാഹം നേടിയ ഒരു മഹാ വ്യക്തിയായിരുന്നു ദാവൂദുൽ ഹക്കീമെന്ന് കറാമത്ത് പുസ്തകങ്ങളിൽ കാണുന്നു. തന്നെക്കുറിച്ച് ജനങ്ങളെ അറിയിക്കണമെന്നും തന്റെ ഖബ്റിന് സമീപം ജനങ്ങളെ താമസിപ്പിക്കണമെന്നും ദാവൂദുൽ ഹക്കീം സ്വപ്നത്തിലൂടെ അറിയിച്ചത്രെ! ഇതെല്ലാം പല രൂപത്തിലും പല കറാമത്ത് പുസ്തകങ്ങളിലും തട്ടിവിടുന്ന കള്ളക്കഥകളല്ലാതെ ഇതിന് ചരിത്രത്തിന്റെ പിൻബലമില്ല. ഇസ്ലാമിൽ പ്രവാചകൻമാരുടെ സ്വപ്നങ്ങൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ. അല്ലാത്ത ആരുടെ സ്വപ്നമായാലും, അത് സ്വർഗ്ഗം ഭൂമിയിൽ ഇറങ്ങി വരുന്ന സ്വപ്നമായാലും അതിനനുസരിച്ച് വിശ്വാസാചാരങ്ങൾ അനുഷ്ഠിക്കാൻ ഒരു മുസ്‌ലിമിനും പാടില്ല തന്നെ. അല്ലെങ്കിൽ തന്നെ മൂസാ നബിയുടെ കാലത്ത് ജീവിച്ചതായി പറയപ്പെടുന്ന ഒരു വ്യക്തിയുടെ മയ്യിത്തിന് ഇസ്ലാമിൽ എന്ത് പ്രത്യേകതയാണുള്ളത്? ആ മയ്യിത്തിന് എന്തൊരു ദൗത്യമാണ് ലോകത്ത് നിർവ്വഹിക്കാനുള്ളത്? മൂസാ നബിയുടെ കാല ശേഷം എത്രയോ നൂറ്റാണ്ടുകൾക്ക് ശേഷമാണ് മുഹമ്മദ് നബി(സ) ഈ ഭൂമിയിൽ നിയോഗിതനാവുന്നത്. മഹാനായ റസൂൽ(സ) തന്റെ ജീവിത കാലത്ത് വരും കാലങ്ങളിൽ സംഭവിക്കാൻ

പോകുന്ന പല കാര്യങ്ങളെക്കുറിച്ചും പ്രവചനങ്ങൾ നടത്തിയിട്ടുണ്ട്. അതിൽ പലതും പുലർന്നിട്ടുമുണ്ട്. ഇനിയും പലതും പുലരാനിരിക്കുന്നു. എന്നാൽ മൂസാ നബിയുടെ കാലത്ത് ജീവിച്ചിരുന്ന ഇങ്ങിനെ ഒരു വ്യക്തിയെക്കുറിച്ചോ അയാളുടെ മയ്യിത്ത് വെളിവാകുന്നതിനെക്കുറിച്ചോ നേരിയ സൂചനയെങ്കിലുമുള്ള ഒരൊറ്റ ഹദീസുപോലുമില്ല. കാരണം വ്യക്തമാണ്. ഇങ്ങിനെ ഒരു വ്യക്തി മൂസാ നബിയുടെ കാലത്ത് ജീവിച്ചിരുന്നതായി നബി(സ)ക്ക് മനസ്സിലായിട്ടില്ല. ഖുറാഫികൾ കെട്ടിച്ചമക്കുന്ന കഥകളിലല്ലാതെ അടിസ്ഥാന പ്രമാണങ്ങളിലൊന്നിലും ഇങ്ങിനെ ഒരു വ്യക്തി പരാമർശിക്കപ്പെടുന്നേയില്ല.

പ്രശ്നങ്ങളും പ്രയാസങ്ങളുമായി വരുന്ന ആരും തന്നെ പരിഹാരമില്ലാതെ മുത്തുപ്പേട്ട ദർഗ്ഗയിൽ നിന്ന് മടങ്ങുന്നില്ല എന്നും കറാമത്ത് പുസ്തകങ്ങൾ വെടിപൊട്ടിക്കുന്നുണ്ട്. കറാമത്തുകൾ മുഖേന എല്ലാവരുടേയും പ്രശ്നങ്ങൾ പരിഹരിച്ചതായി നൂറുക്കണക്കിന് ഉദാഹരണങ്ങളും പ്രസ്തുത പുസ്തകങ്ങളിൽ നിരത്തിയിട്ടുണ്ട്. ഇതാകട്ടെ എല്ലാ ദർഗ്ഗകളെക്കുറിച്ചും പറയുന്ന സ്ഥിരം പല്ലവിയാണുതാനും. ക്വുബൂരികളുടെ ഈ അവകാശവാദപ്രകാരം ഇന്ത്യാ രാജ്യത്തെ കോടിക്കണക്കിന് അന്ധവിശ്വാസികളായ ജനങ്ങൾക്ക് അസുഖം മൂലം ആശുപത്രികളിൽ പോകേണ്ട യാതൊരു ആവശ്യവുമില്ല. കാരണം, ഇന്ത്യയിൽ ഇത്തരത്തിൽ സ്വപ്നത്തിലൂടെയും അല്ലാതെയും കെട്ടിപ്പടുത്ത ആയിരക്കണക്കിന് ദർഗ്ഗകളാണ് ഉള്ളത്. ക്വുബൂരികളുടെ വാദപ്രകാരം ഇത്തരം ദർഗ്ഗകൾ സർവ്വരോഗ സംഹാരിയാണ്. ആകാശത്തിനു താഴെയുള്ള ഏത് അസുഖത്തിനും ദർഗ്ഗകളിൽ മരുന്നുണ്ട്. (എയ്ഡ്സ് എന്ന മഹാരോഗം മാത്രം ഒരു ദർഗ്ഗകളിൽ നിന്നും മാറിയതായി ഒരു കറാമത്ത് പുസ്തകത്തിലും രേഖപ്പെടുത്തപ്പെട്ടിട്ടില്ല.) എന്നിട്ടും ഇത്തരം അന്ധവിശ്വാസികളിൽ ഭൂരിഭാഗവും അസുഖങ്ങൾ വന്നാൽ ആയിരങ്ങൾ മുടക്കി ആശുപത്രികളിൽ അഭയം തേടുന്നവരാണ്. പിന്നെയും എല്ലാ അസുഖങ്ങളും മാറുന്ന കേന്ദ്രങ്ങളാണ് ഇത്തരം ദർഗ്ഗകൾ എന്ന് ഇവറ്റകൾ പ്രചരിപ്പിക്കുന്നത് എന്തിനാണ്? ഉത്തരം ലളിതം. അതവരുടെ വയറ്റുപ്പിഴപ്പിന്റെ മാർഗ്ഗങ്ങളാണ്. ഇത്തരം കറാമത്ത് പുസ്തകങ്ങൾ എഴുതിയും വിറ്റും കിട്ടുന്ന കാശുകൊണ്ടാണ് അസുഖം വന്നാൽ ആശുപത്രികളിൽ പോയി ചികിത്സിക്കാറുള്ളത് എന്നതാണ് ഏറ്റവും വലിയ തമാശ. ദാവൂദുൽ ഹക്കീമിന്റെ പ്രധാനപ്പെട്ട ഒരു കറാമത്തായി പറയപ്പെടുന്നത് ഉറക്കത്തിൽ നടക്കുന്ന ഓപ്പറേഷനാണത്രെ! ഇങ്ങിനെ സ്വപ്നത്തിൽ ഓപ്പറേഷൻ നടത്തുന്ന സംഭവം മറ്റു നിരവധി ദർഗ്ഗകളുടെ പേരിലും വെച്ചുകെട്ടാറുണ്ട്. പക്ഷെ അത്ഭുതമെന്ന് പറയട്ടെ, ഉണർച്ചയിൽ നാലാൾ കാൺകെ ഇന്നുവരെ ഇവരുടെ ഒറ്റ വലിയ്യും ഒരു ഓപ്പറേഷനും നടത്തിയതായ ചരിത്രം ആരും പറയുന്നില്ല. സ്വപ്നത്തിൽ സംഭവിച്ചു എന്ന് ആർക്കും എന്തും പറയാമല്ലോ. മറ്റൊരാൾക്ക് പരിശോധിക്കാനോ പരീക്ഷിക്കാനോ കഴിയാത്ത രംഗമാണല്ലോ ഉറക്കവും സ്വപ്നവും. അതുകൊണ്ട് തന്നെ ഈ ഖുറാഫികൾ തട്ടിവിടുന്ന കഥയിലധികവും സ്വപ്നവുമായി ബന്ധപ്പെട്ടതാണ്.

മുത്തുപ്പേട്ട ദർഗ്ഗാ പരിസരത്ത് മൂന്ന് ജാറങ്ങളാണ് ഉള്ളത്. അതിൽ പ്രധാനം ദാവൂദുൽ ഹക്കീമിന്റേത് തന്നെ. അതിനു പറമെ ഫാത്വിമാ ബീവി, ആറ്റക്കോയ മോണ്ടർ എന്നിവരുടേതാണ് മറ്റു രണ്ടു ജാറങ്ങൾ. മുത്തുപ്പേട്ടയിലും പരിസരത്തും സിയാറത്തിന് വരുന്നവർ നല്ലൊരു വിഭാഗം ഹിന്ദുക്കളാണ്. ഹിന്ദുക്കളെ ഇങ്ങോട്ട് ആകർഷിക്കാൻ പ്രധാന കാരണം ദർഗ്ഗയുടെയും പരിസരത്തും കാണുന്ന ഹൈന്ദവ ചുവയുള്ള ചുറ്റുപാടുകളാണ്. അഞ്ചു തട്ടുള്ള നിലവിളക്ക്, ശ്രീ ചക്രത്തിന്റെ രൂപങ്ങൾ, ഭദ്ര ദീപം തുടങ്ങിയ ഹൈന്ദവ ചിഹ്നങ്ങൾ ദർഗ്ഗക്കകത്തു കാണാം. സ്വപ്ന ചികിത്സക്കു പുറമേ കേസും കോടതിയും മറ്റും ഏർവാടിയിലെന്ന പോലെ മുത്തുപ്പേട്ടയിലുമുണ്ട്. കേസ് വിധിയാകാൻ വേണ്ടി വർഷങ്ങളോളം കാത്തുകെട്ടിക്കിടക്കുന്ന ക്വുബൂരി പുരോഹിതൻമാർ പോറ്റി വളർത്തുന്ന അന്ധവിശ്വാസത്തിന്റെ ഇരകളെ മുത്തുപ്പേട്ടയിലും നിരവധി കാണാം.

മുത്തുപ്പേട്ടയിൽ കാണുന്ന മറ്റൊരു ജാറമായ ഫാത്വിമാ ബീവി ഒരു വലിയ്യത്താണെന്നൊന്നും ഖുറാഫികൾ പറയുന്നില്ല. ദാവൂദുൽ ഹക്കീമിന്റെ ബന്ധുവുമല്ല ഈ സ്ത്രീ. മറിച്ച് ദാവൂദുൽ

ഹക്കീമിന്റെ ദർഗ്ഗ പരിപാലിച്ചിരുന്ന സ്ത്രീയാണത്രെ ഇവർ! പക്ഷെ ഇവർക്കും കറാമത്തിന് കുറ വൊന്നുമില്ല. ഇവരുടെ ദർഗ്ഗക്കു മുന്നിലും സന്ദർശകർ കുറവല്ല. അന്ധവിശ്വാസത്തിന്റെ ബലിയാ ടുകൾ ഈ ദർഗ്ഗക്കു മുന്നിലും ഏങ്ങിക്കരയുന്നത് മുത്തുപ്പേട്ടയിലെ സദാ കാഴ്ചയാണ്.

സമീപത്തു തന്നെയുള്ള മറ്റൊരു ദർഗ്ഗ ആറ്റക്കോയ മോണ്ടർ എന്നു വിളിക്കപ്പെടുന്നയാളുടേതാ ണ്. ഇയാൾ ആരാണെന്നോ ഇയാൾക്കും ദാവൂദുൽ ഹക്കീമിനും തമ്മിലുള്ള ബന്ധമെന്താ ണെന്നോ ഖുറാഫികൾ ഇറക്കിയ കള്ളക്കറാമത്ത് പുസ്തകങ്ങളിൽ കാണുന്നില്ല. ഇയാളെക്കുറിച്ച് ദർഗ്ഗാ നിവാസികൾ പറയുന്ന കഥകളിലാകട്ടെ നിറയെ വൈരുദ്ധ്യമാണ്താനും. ഇയാളും ഏതെ ങ്കിലും രീതിയിൽ ദാവൂദുൽ ഹക്കീമിന്റെ ദർഗ്ഗയുമായി ചുറ്റിപ്പറ്റി ജീവിച്ചിരുന്ന ആളായിരിക്കാം. അല്ലാഹുവിനെ മറന്ന് ജീവിക്കുന്ന ക്വുബൂരികൾക്ക് ദർഗ്ഗയായാൽ മതിയല്ലോ. അതിനുള്ളിൽ ആരാണെന്നോ അയാളും ഇസ്ലാമും തമ്മിലുണ്ടായിരുന്ന ബന്ധമെന്താണെന്നോ തലച്ചോർ മര വിച്ച അന്ധവിശ്വാസികൾക്ക് അന്വേഷിക്കേണ്ട കാര്യമില്ലല്ലോ. അല്ലെങ്കിലും ഈ സാംസ്കാരിക കേരളത്തിൽ പോലും സമസ്തക്കാർ വലിയ്യുകളെന്ന പേരിൽ താങ്ങി നടക്കുന്നവരിൽ ഭൂരിഭാ ഗവും ഇസ്ലാമിന് എതിര് പ്രവർത്തിച്ചവരോ ഇസ്ലാമുമായി യാതൊരു ബന്ധവും പുലർത്താതി രുന്ന ഭ്രാന്തൻമാരോ ആയിരുന്നല്ലോ. ഇസ്ലാമിക പ്രബോധന രംഗത്ത് ലോകത്ത് മുൻപന്തിയിൽ നിൽക്കുന്ന ഈ കൊച്ചു കേരളത്തിലെ അവസ്ഥ ഇതാണെങ്കിൽ മത–സാംസ്കാരിക–വിദ്യഭ്യാസ രംഗത്ത് എത്രയോ പിന്നാക്കം നിൽക്കുന്ന കേരളത്തിനു പുറത്തുള്ള അന്ധവിശ്വാസികളുടെ കാര്യം പറയാനുണ്ടോ?